570 ലക്ഷവും തുടർന്നുള്ള വർഷങ്ങളിൽ 600 ലക്ഷം വീതവും നൽകിവരുന്നുണ്ട്. ഈ കാലയളവിൽ കെ.റ്റി.ഡി.സി.യുടെ വികസന പ്രവർത്തനങ്ങൾ വർദ്ധിച്ചിട്ടേയുള്ളൂ. ഇതിനാവശ്യമായ എല്ലാ സഹായങ്ങളും സർക്കാർ നൽകിവരുന്നുണ്ട്. അതോടൊപ്പം സ്വകാര്യ മേഖലയിലും സംയുക്തമേഖലയിലും സംസ്ഥാനത്ത് ടൂറിസം രംഗത്ത് കൂടുതൽ മുതൽ മുടക്കുണ്ടാകുന്നതിനു വേണ്ട പ്രോൽസാഹനം നൽകുവാനും നടപടി സ്വീകരിച്ചു വരുന്നു. ഇപ്രകാരം സംസ്ഥാനത്ത് ഈ മേഖലയിൽ മൊത്തത്തിലുണ്ടാകുന്ന മത്സരബുദ്ധിയോടെയുള്ള പ്രവർത്തനങ്ങൾ കെ.റ്റി.ഡി.സി.യുടെ സർവ്വീസ് മെച്ചപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും സഹായകമാകും എന്നാണ് സർക്കാർ കരുതുന്നത്.

(എഫ്) ഇതുമൂലം കെ.റ്റി.ഡി.സി.യുടെ പ്രവർത്തന ഫലങ്ങൾ മെച്ചപ്പെട്ടിട്ടുണ്ട്. 31.3.1996-ൽ കെ.റ്റി.ഡി.സി.യുടെ സഞ്ചിത നഷ്ടം 549.64 ലക്ഷം രൂപയായിരുന്നു. ക്രമമായ മെച്ചപ്പെട്ട പ്രവർത്തനങ്ങളിലൂടെ ഈ നഷ്ടം മുഴുവൻ നികത്താനും ഇപ്പോൾ 159.83 ലക്ഷം രൂപയുടെ (പ്രാഥമിക കണക്കുകൾ പ്രകാരം) ലാഭമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

17 (*167)ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് വേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ എത്ര ഏക്കർ സ്ഥലം എയർപോർട്ട് അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്;

(സി) വിമാനത്താവളത്തിന്റെ ടെർമിനൽ വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തിരുവനന്തപുരത്തു നിന്നും ഓപ്പറേറ്റു ചെയ്തിരുന്ന മുഴുവൻ വിമാന സർവ്വീസുകളും പുനഃസ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടുമോ;

(ഇ) തിരുവനന്തപുരം വിമാനത്താവളം 24 മണിക്കൂറും പ്രവർത്തിക്കുന്ന അന്താരാഷ്ട്രാ വിമാനത്താവളമായി ഉയർത്താൻ കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസന സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പുതിയ ഇന്റർനാഷണൽ ടെർമിനൽ ഉടൻ നിർമ്മിക്കണമെന്നും എല്ലാ സമയത്തും വിമാനം ഇറങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, യാത്രക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും ഇമിഗ്രേഷൻ, കസ്റ്റംസ് സംവിധാനം കൂടുതൽ എളുപ്പമാക്കണമെന്നും, തിരുവനന്തപുരം വിമാനത്താവളം അന്താരാഷ്ട്ര ഗേറ്റ്വേയായി പ്രഖ്യാപിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ അനുവദിക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിൽ നിവേദനങ്ങൾ നൽകുകയും മതിയായ സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്.

(ബി)&(സി) അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ചതിന് ശേഷം 5.78 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ എയർപോർട്ട് അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ 27 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് ടെർമിനൽ കൂടി വികസിപ്പിക്കുന്നതിന് വേണ്ടിയാണ്.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സമ്മർദ്ദം ചെലുത്തിവരുന്നു.

സ്പോർട്ട്സ് വികസനത്തിന് നടപടി

18 (*168)ശ്രീ. പി. വിശ്വൻ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :

ശ്രീ. എൻ. കണ്ണൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോർട്ട്സ് പ്രോൽസാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സ്പോർട്ട്സ് വികസനത്തിനായി രൂപം നൽകിയിട്ടുള്ള സമഗ്രമായ 'സ്പോർട്ട്സ് ബിൽ' പാസ്സാക്കി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സ്ക്കൂൾ-കോളേജ് തലത്തിൽ സ്പോർട്ട്സ് പ്രോൽസാഹിപ്പിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകുമോ;

(ഡി) കായിക പ്രതിഭകളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുന്നതിനും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ആവശ്യമായ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുമോ;

(ഇ) ഓരോ രംഗത്തുമുള്ള കായിക പ്രതിഭകളെ സംസ്ഥാനത്തു തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി ശ്രീ. വി.സി. കബീർ:

(എ) സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ 5 സ്പോർട്ട്സ് പരിശീലന കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ കായികതാരങ്ങൾക്കായുള്ള പ്രത്യേക പരിശീലനം നടത്തി വരുന്നു. ഇതിനും പുറമേ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ മികച്ച കായികതാരങ്ങളെ കണ്ടെത്തി അവരെ സംസ്ഥാനതല പരിശീലന ക്യാംപുകളിൽ പ്രവേശിപ്പിക്കുകയും അതിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 15 ആൺകുട്ടികൾക്കും 15 പെൺകുട്ടികൾക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന പ്രീ-മെ

LIBRARY ARCHIVES Kerala Legislative Assembly